# പീഢാനുഭവ പ്രവചനം, സെബതിപുത്രരുടെ അഭ്യർത്ഥന

**വി. മത്തായി 20/17-19, വി. ലൂക്ക 18/31-34, വി മർക്കോസ് 10/32-34**
**വി. മത്തായി 20/20-28, വി. മർക്കോസ് 10/35-45**

**Homily points collected by Fr. George Kanamkudam. Fr. Kanamkudam can be reached at** frgkanamkudam@rediffmail.com

## ആമുഖം

ആദ്യ ഞായറാഴ്ച ലോകത്തിന്റെയും പിശാചിന്റെയും മേൽ വിജയം വരിച്ച യേശുവിനെ കണ്ടു. പിന്നെ പീഢാനുഭവത്തിലും തന്റെ കൂട്ടുകാരാകൻ കുരിശെടുത്തനുഗമിക്കുവാൻ ക്ഷണിക്കുന്ന യേശുവിനെ കണ്ടു. ഇന്നാകട്ടെ അധികാരത്തിനും സ്ഥാനമാനങ്ങൾക്കും ഉപരിയായി സേവനത്തിലേക്കും ശുശ്രൂഷയിലേക്കും കടന്നുവരാൻ യേശു ആവശ്യപ്പെടുന്നു.

പീഢാനുഭവത്തെക്കുറിച്ചുള്ള ഒന്നാം പ്രവചനം ഈശോ നടത്തിയപ്പോൾ കുരിശിനു പ്രതിബന്ധം നിന്ന പത്രോസിനെ സാത്താൻ എന്നു വിളിച്ച് ആട്ടിയകറ്റി. (മത്തായി 16/21-23). രണ്ടാം പ്രവചനം മത്തായി 17/22-23ൽ നാം കാണുന്നു. അതീവദുഖത്തോടെയുള്ള മൂന്നാം പ്രവചനമാണ് ഇവിടെ. 12 പേരോടുമായി ഈശോ പ്രത്യേകമാംവിധം തന്റെ പരമോന്നതദൗത്യം വെളിപ്പെടുത്തുന്നു. ദൈവം ഐശ്വര്യങ്ങളുടെ മാത്രം തമ്പുരാനാണെന്ന് ധരിച്ചിരിക്കുന്നവരെ തിരുത്തുന്ന സുവിശേഷം. ഈശോയെപോലെ ഏറ്റവും വലിയ വേദനകൾ ഏറ്റവും ഹൃദയഅടുപ്പമുള്ളവരുമായി വേണം പങ്കുവയ്ക്കാൻ.

ഈശോ സെബദികുടുംബവുമായി നടത്തുന്ന സംഭാഷണത്തെക്കുറിച്ചും ശിഷ്യർക്കു നൽകുന്ന നിർദ്ദേശങ്ങളുമാണ് ഇന്നത്തെ വിഷയം. ഈശോയെപ്പോലെ സെബദിപുത്രന്മാർക്കും പ്രലോഭനമുണ്ടാകുന്നു. മറ്റുള്ളവരേക്കാൾ എന്റെ കാര്യം, എന്റെ ജീവിതം കുറച്ചുകൂടി മെച്ചമാകണം, പീഢാനുഭവങ്ങൾ കൊണ്ട് എന്നെ ക്രൂശിക്കരുതെന്ന് ഓർമ്മിപ്പിക്കുന്നതാണല്ലോ സാധാരണയായി നമ്മുടെ പ്രാർത്ഥനകൾ. എന്റെ വഴികളിലേക്ക് കർത്താവിനെ ഇറക്കിക്കൊണ്ടുവരാൻ ബലപ്രയോഗം നടത്തുന്നവരാണ്. അത്തരം അപേക്ഷകൾ സമർപ്പിക്കുന്നവർ ശ്രദ്ധിക്കുവാനാണ് ഈ ഭാഗം. ഒരാൾക്കു രാജ്യത്തെ പ്രസിണ്ടന്റും മറ്റേയാൾക്കു പ്രധാനമന്ത്രിയും ആകണം. പ്രതിഫലത്തിന് കണക്കു പറയാതെ മഹത്വമന്വേഷിക്കാതെ എല്ലാം ചെയ്തശേഷം പ്രയോജനമില്ലാത്ത ദാസനെപ്പോലെ നിലനിൽക്കാൻ ആവണം. എല്ലാം സ്വന്തമാക്കി വലിയവനാകാനുള്ള പ്രാർത്ഥനകൾ, എനിക്കെന്തുകിട്ടും എന്ന ചോദ്യം തന്നെയല്ലേ. അധികാരമോഹികളായി കാണപ്പെടുമ്പോഴും സഹിക്കാനുള്ള തയ്യാറെടുപ്പ് അവർ സമ്മതിക്കുന്നു. മലമുകളിലെത്താൻ അവിടത്തെ കല്ലും മുള്ളും ചവിട്ടാൻ തയ്യാറുള്ളവർ, സെബദിപുത്രന്മാർ. കർത്താവിന്റെ ദാസി എന്ന നിമന്ത്രണങ്ങൾ ഉയരുന്ന മനസ്സുകളെയാണ് വിശ്വാസിയുടെ മനസ്സായി നാം കാണുന്നത്.

## ആദ്യം വിളിക്കപ്പെട്ടവർ

താബോറിലെ മഹത്വീകരണത്തിനു സാക്ഷ്യം വഹിച്ചശേഷം സ്വന്തം മഹത്വം തേടി വരുന്ന സെബതിപുത്രന്മാരെ ഈ സുവിശേഷഭാഗത്തു നാം കാണുന്നു. കൂട്ടത്തിൽ അവരുടെ അമ്മയായ സലോമിയുമുണ്ട്. സലോമി മാതാവിന്റെ സഹോദരിയാണ്. ആദ്യം വിളിക്കപ്പെട്ടവരും വലയും, വഞ്ചിയും, സ്വന്തം പിതാവിനേയും ഉപേക്ഷിച്ച് ഇറങ്ങി പുറപ്പെട്ടവരുമായ യാക്കോബും യോഹന്നാനും (മത്തായി 4/21) . ഒന്നും വേണ്ടെന്നുവച്ച് യാത്രയായ മക്കളുടെ ഭാവിയെക്കുറിച്ചുള്ള ആകുലതയാണ് അവരുടെ അമ്മയെ ഈ അപേക്ഷ നടത്തുന്നതിന് പ്രേരിപ്പിച്ചത്.

മർക്കോസിന്റെ സുവിശേഷത്തിൽ ഈ അഭ്യർത്ഥന നടത്തുന്നത് സെബദിപുത്രന്മാർ തന്നെയാണ്.

യേശുവിന്റെ ശുശ്രൂഷയെക്കുറിച്ച് ശിഷ്യർക്കുള്ള തെറ്റിദ്ധാരണയെ യാക്കോബിന്റെയും യോഹന്നാന്റേയും ജീവിതം ഉദാഹരിക്കുന്നു.

## മനുഷ്യനും അധികാരവും

ഉൽപത്തി 7/1-24 ൽ മനുഷ്യനെ മനുഷ്യനായി കാണാൻ തയ്യാറാകാത്ത അധികാരമുപയോഗിച്ച് സഹോദരന്മാരേ അടിമകളാക്കിയ ഒരു ജനതയെ ദൈവം ജലപ്രളയത്തിൽ നശിപ്പിക്കുന്നു.

## വിമോചകനെ കുറിച്ചുള്ള സങ്കൽപം

പാലസ്തീന വിവിധ കാലഘട്ടങ്ങളിൽ ഗ്രീക്കുകാരുടെയും, പേർഷ്യാക്കാരുടെയും, ബാബിലോണിയാക്കാരുടെയും, അസീറിയക്കാരുടെയും, ഈജിപ്ത് കാരുടെയും അടിമത്വത്തിൽ കഴിഞ്ഞവരാണ്. അതിനാൽ അവർ ഒരു രാഷ്ട്രീയ വിമോചകനെ പ്രതീക്ഷിച്ചിരുന്നു. ദാവീദ് രാജാവിന്റെ കാലത്തെന്നതുപോലെ യീഫ്രട്ടീസ് നദി മുതൽ നൈൽ നദി വരെ നീണ്ടുകിടക്കുന്ന വിസ്യതമായ സാമ്രാജ്യം പുനസ്ഥാപിക്കുന്ന രാഷ്ട്രീയ വിമോചകനെയാണവർ പ്രതീക്ഷിച്ചിരുന്നത്.

ഇപ്പോൾ ഉണ്ടാകുന്ന പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇടതും വലതുമുള്ളത് തങ്ങൾക്കുവേണമെന്നതാണ് സെബദിപുത്രരുടെ ആഗ്രഹം. മക്കളുടെ മഹത്വമാണ് അമ്മയുടെ ലക്ഷ്യം. ഈശോ ഏറ്റവും ഇഷ്ടമുള്ള രണ്ടു ശിഷ്യന്മാരായിരുന്നു സെബദിപുത്രന്മാർ.

അതിന്റെ വിലയെന്താണെന്ന് സലോമി അറിയുന്നില്ല. മക്കളെ ഉയരത്തിൽ പ്രതിഷ്ഠിക്കണം, തങ്ങളുടെ നില നോക്കാതെയാണെങ്കിലും എന്നു കരുതുന്ന മാതാപിതാക്കൾ. കാക്കയ്ക്കും തൻ കുഞ്ഞ് പൊൻകുഞ്ഞ്.

## പാനപാത്രം

പാനപാത്രം യേശുവിന്റെ മരണത്തിന്റെയും മരണത്തിലൂടെ മാത്രം കൈവരുന്ന മഹത്വത്തിന്റെയും പ്രതീകമാണ്. ഗത്സമനിയിൽ തന്റെ പാനപാത്രത്തെ ക്കുറിച്ച് പ്രാർത്ഥിക്കുന്നുണ്ട്. അതു മരണത്തിന്റെ പ്രതീകമാണ്. (മത്തായി 26/39). അന്ത്യ അത്താഴത്തിൽ പാനപാത്രമെടുക്കുന്നതും അത് മരണത്തിലൂടെ സംജാതമാകുന്ന പാപമോചനത്തിന്റെയും പ്രതീകമായിട്ടാണ്. (മത്തായി 26/29) അങ്ങനെ പാന പാത്രമെന്നത് യേശുവിന്റെ സഹനത്തിലും മരണത്തിലും പങ്കുചേരലാണ്. അതു വഴി മാത്രമേ അവിടുത്തെ മഹത്വത്തിലും ചേരാനാവൂ.

## പാനപാത്രം എന്നത് സഹനം

സഹനത്തെ അതിമനോഹരമായ രീതിയിലാണ് ക്രിസ്തു പ്രകാശിപ്പിക്കുന്നത്. വിരുന്നുകളിൽ കാണുന്ന പാനപാത്രമെന്ന സുന്ദരപദം കൊണ്ട്. വിരുന്നുമേശ യിലെ പാനപാത്രം ആസ്വദിക്കുന്ന താൽപര്യത്തോടെ സ്വീകരിക്കപ്പെടേണ്ടതാണ് സഹനം. പോളിക്കാർപ്പ്, ക്രിസോസ്റ്റം എന്നിവരുടെ വാക്കുകളിൽ പാനപാത്രമെ ന്നത് രക്തസ്ക്ഷിത്വമാണ്.

## ഇടതും വലതും

യഹൂദ ചിന്താഗതിയനുസരിച്ച് രാജാവിന്റെ വലതുവശം പ്രഥമസ്ഥാനവും ഇടതു വശം ദ്വിതീയസ്ഥാനവുമാണ്. സെബദി  പുത്രന്മാർ അതിനായി തന്ത്രപ്പെടുകയാ ണ്. തന്റെ വഴി ഇടുങ്ങിയതാണെന്ന്  യേശു അവരെ പഠിപ്പിക്കുന്നു. സേവനവും ശൂന്യവത്കരണവും ധരിക്കണം. ഇടതും വലതുമുള്ള സ്ഥാനങ്ങൾ ദൈവഹിത ത്തിനു വിട്ടുകൊടുക്കുകയാണ് വേണ്ടത്. മഹത്വത്തിന്റെ വഴി കുരിശിന്റെ വഴി യാണ്. അതിലൂടെ നീങ്ങുമ്പോഴും കണക്കുപറഞ്ഞ് മഹത്വം നേടാൻ നമുക്കവ കാശമില്ല.

ജറുസലേമിലേക്കു പോകുന്ന ഈശോ അവിടെ തന്റെ രാജ്യം സ്ഥാപിക്കുമെന്ന് അവർ പ്രതീക്ഷിക്കുന്നു.

അധികാരങ്ങളും ആധപത്യങ്ങളും തരുന്നത് ദൈവമാണ്. ഇവ ഒരു നാളിൽ തിരി ച്ചെടുക്കുവാനും ദൈവത്തിനു കഴിയും.

## ക്ഷമയോടെ തുറവിയോടെ

സലോമിയോട് സലോമിയുടെ പ്രാർത്ഥന നീരസത്തോടെയല്ല യേശു കേൾക്കു ന്നത്. മറിച്ച് കുരിശിന്റെ വഴിയിലൂടെ സഞ്ചരിക്കാനുള്ള ശിഷ്യരുടെ സന്നദ്ധത ആരായുന്നതിനുള്ള അവസരമായി അതിനെ മാറ്റുന്നു.തങ്ങളും ആ പാനപാത്ര ത്തിൽ നിന്ന് കുടിക്കാൻ തയ്യാറാണെന്നു പറയുമ്പോൾ യേശു അത് അവിശ്വസി ക്കുന്നില്ല. യേശു നമ്മിലും വിശ്വാസമർപ്പിക്കുന്നു.

## വലിയവർ

**തങ്ങളറിയാതെ അമ്മയേയുംകൂട്ടി സ്വന്തക്കാരനായ യേശുവിന്റെ അടുക്കലെത്തി പ്രഥമസ്ഥാനങ്ങൾ കൈക്കലാക്കാൻ ശ്രമിച്ചത് മറ്റു ശിഷ്യരെ അമർഷത്തിലാക്കി.**

**സുരക്ഷിതമായ ഭാവിയാണോ, ഭാവി സുരക്ഷിതമാക്കുന്ന യേശുവാണോ നമുക്ക് വേണ്ടത്?**

## സേവനത്തിൽ കേന്ദ്രീകൃതമായ ദൈവരാജ്യം

**യേശു സ്ഥാപിക്കുന്ന രാജ്യത്തിൽ ഉടമയെന്നോ അടിമയെന്നോ ഉള്ള വ്യത്യാസമില്ല. എല്ലാവരും ദൈവത്തിന്റെ അടിമകൾ തന്നെ. ഭരണകർത്താക്കളെന്നോ ഭരണീയരെന്നോ വേർതിരിവില്ല. മർദ്ദകനോ, മർദ്ദിതനോ ഇല്ല, ചൂഷകനോ ചൂഷിതനോ, നിന്ദകനോ നിന്ദിതനോ ഇല്ല. യേശുവിന്റെരാജ്യത്തിൽ അധികാരവും സ്ഥാനമാനങ്ങളും സേവനത്തിൽ കേന്ദ്രീകൃതമാണ്.**

**നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ ശുശ്രൂഷകനും ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ ദാസനുമായിരിക്കട്ടെ. (മത്തായി 20/26) ചെറുതാകുന്നതിലൂടെ വലിപ്പമുള്ളവരാകണം.**

## ശുശ്രൂഷ

**ശുശ്രൂഷയെന്നത് അടിമത്വമല്ല. മറ്റുള്ളവരുടെ മുമ്പില് തലതാഴ്ത്തി, കൈനീട്ടി നിന്ന് , ആജ്ഞകൾ സ്വീകരിക്കുന്ന വിനീതവിധേയന്റെ വിഡ്ഢിവേഷത്തിൽ ചെയ്യുന്ന പ്രവൃത്തിയല്ല അത്. മനുഷ്യവ്യക്തിത്വത്തെ മുഴുവൻ അംഗീകരിച്ച് അഭിമാനത്തോടെ ത്യാഗമനസ്സ്ഥിതിയോടെ മറ്റുള്ളവർക്കുവേണ്ടി അർപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ബൈബിളിന്റെ ഭാഷയിൽ ശുശ്രൂഷയെന്നത്.**

**സ്നേഹമാണ് ശുശ്രൂഷചെയ്യുന്നവനെ നയിക്കുന്നത്. വിവേകവും പങ്കുവയ്ക്കുന്ന മനസ്ഥിതിയുമാണ് ശുശ്രൂഷിയെ ഭരിക്കുന്നത്. ശുശ്രൂഷയ്ക്കിടയിൽ ലജ്ജയ്ക്കു സ്ഥാനമില്ല.**

**ദാസനായി തീരുക എന്നത് എല്ലായ്പ്പോഴും യജമാനന്റെ പുറകിൽ നടക്കുന്നതല്ല. ഒപ്പമോ അതിനുമുന്നിലോ മടക്കുവാൻ മറ്റുള്ളവരെ ഉയർത്തിക്കൊണ്ടു വരുന്നതാണ് ദാസനാകുന്നതിനർത്ഥം.**

## വ്യവസ്ഥ

**പ്രധാന സ്ഥാനങ്ങൾ നേടുന്നതിന് ആവശ്യമായ വ്യവസ്ഥ, ഈശോയുടെ സഹനത്തിലും മരണത്തിലും പങ്കാളിയാവുക എന്നതാണ്.**

## ലോകഭാഷ

ലോകത്തിന്റെ ഭാഷയിൽ ഒരാൾ തന്റെ യജമാനത്വം പുലർത്തുന്നത് മറ്റുള്ളവരുടെ മേൽ അധികാരം പ്രയോഗിച്ചാണ്. ശിഷ്യരുടെ കാലുകൾ കഴുകിയശേഷം താഴ്മയുടെ ഈ മാതൃകയെ അനുകരിക്കുവാൻ യേശു ആവശ്യപ്പെടുന്നു.

അധികാരവും സ്ഥാനവും കിട്ടിക്കഴിയുമ്പോൾ ചുറ്റുമുള്ളവരുടെ നാശത്തിനായി അതിനെ ഉപയോഗിക്കുന്നവരുണ്ട്. സ്വർഗ്ഗത്തിലെ സ്ഥാനമാനങ്ങൾ നഷ്ടപ്പെടുത്തി ഭൂമിയിൽ നമ്മെ വീണ്ടെടുത്തുന്നവൻ ഇന്നിനു മാതൃകയാവണം.

ലോകത്തിൽ ധനവും സ്ഥാനമാനങ്ങളും നേടിയെടുക്കുന്നതിനായി നെട്ടോടമോടുന്ന മനുഷ്യരുടെ വക്താവാണ് സെബതിപുത്രന്മാരുടെ അമ്മ. ദൈവസന്നിധിയിൽ നാം നടത്തുന്ന യാചനകളുടെ അപാകതയും ഇവിടെ വ്യക്തമാകുന്നു. ദൈവഹിതത്തിന് വിധേയരാകുവാൻ യേശു പഠിപ്പിക്കുന്നു. തന്റെ പിതാവാണ് ആദ്യയിലെ എല്ലാം ക്രമപ്പെടുത്തിയിരിക്കുന്നത്. ആധുനികയുഗത്തിൽ ഒന്നാമതാകുവാനും വലിയവരാകാനും പരക്കംപായുന്ന മനുഷ്യരെ നാം കാണുന്നു. വലിയവരാകട്ടെ ജയിലിൽ കിടക്കുന്നു. കോടതികളിൽ കയറിയിറങ്ങുന്നു. അവർചെയ്ത “സേവന”ത്തിന്റെ കണക്കുകൾ കോടികളുടെ അഴിമതികളിലൂടെ പുറത്തുവരുന്നു.

## അവർ പാനപാത്രം കുടിച്ചു

ഏ.ഡി 44 ൽ ഹേറോദ് അഗ്രിപ്പാ ഒന്നാമന്റെ കാലത്ത് യാക്കോബ് രക്തസാക്ഷിത്വം വരിച്ചെന്നു അപ്പ. 12/2 ൽ നാം മനസ്സിലാക്കുന്നു. അപ്പസ്തോലന്മാരിലെ ആദ്യരക്തസാക്ഷി. യോഹന്നാൻ നീണ്ട ക്രൈസ്തവ സാക്ഷ്യജീവിതത്തിനു ശേഷം എഫേസൂസിൽ ജീവിച്ച് സ്വഭാവിക മരണം പ്രാപിച്ചെന്നു ഒരു പാരമ്പര്യവും അല്ല തിളയ്ക്കുന്ന എണ്ണയിലെറിയപ്പെട്ട് രക്തസാക്ഷിത്വം വരിച്ചെന്ന് മറ്റൊരു പാരമ്പര്യവും പറയുന്നു.

## മദർതെരേസ

ശുശ്രൂഷകയും ദാസിയുമായിത്തീർന്ന മദർതെരേസ അത്തരമൊരു സേവനത്തിനു സാക്ഷിയാകുന്നവളാണ്.

## പൂന്താനം

രണ്ടുനാലുദിനം കൊണ്ടൊരുത്തനെ/തണ്ടിലേറ്റി നടത്തുന്നതും ഭവാൻ/
മാളികമുകളേറിയമന്നന്റെ തോളിൽ/ മാറാപ്പേറ്റുന്നതും ഭവാൻ... കവി പൂന്താനം.